ശ്രീലങ്കയുടെ പ്രസിഡണ്ടിന്റെ ഇന്ത്യാ സന്ദര്ശനം (മെയ് 13-14, 2016 )

മെയ് 12, 2016

ഡെമൊക്രാറ്റിക് സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഓഫ് ശ്രീലങ്കയുടെ പ്രസിഡണ്ട് ഹിസ് എക്സലന്സി മൈത്രിപാല സിരിസേന, മെയ് 13, 14, 2016 തീയതികളില് ഇന്ത്യ സന്ദര്ശിക്കുന്നു. ഉജ്ജയിനില് മെയ് 14 നു നടക്കുന്ന സിംഹസ്ത മഹാകുംഭ ചടങ്ങുമായി ബന്ധപ്പെട്ടു നടത്തുന്ന വൈചാരിക് മഹാ കുംഭ ചടങ്ങിന്റെ സമാപന ചടങ്ങിനെ അദ്ദേഹം അഭിസംബോധന ചെയ്യും . അദ്ദേഹം സാഞ്ചിയിലേക്ക് പോകുകയും , അവിടെ ലോക പ്രശസ്തമായ സാഞ്ചി സ്തൂപം അദ്ദേഹം സന്ദര്ശിക്കുകയും ചെയ്യും, ശ്രീലങ്കയിലെ മഹാബോധി സൊസൈറ്റിയുടെ ഒരു ചടങ്ങില് പങ്കെടുക്കും , അവിടെ വച്ച് അദ്ദേഹം അംഗാരിക ധര്മ്മ പാലയുടെ ഒരു പ്രതിമ അനാഛാദനം ചെയ്യും. ശ്രീലങ്കയുടെ പ്രസിഡണ്ട് നാളെ ഡല്ഹിയില് എത്തും , അദ്ദേഹത്തോടുള്ള ആദരസൂചകമായി പ്രധാനമന്ത്രി അത്താഴ വിരുന്ന് സംഘടിപ്പിക്കുന്നുണ്ട്

ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള അടുപ്പമുള്ള സഹകരണ ബന്ധങ്ങള് കൂടുതല് ശക്തമാക്കുവാന് ഹിസ് എക്സലന്സി സിരിസേനയുടെ സന്ദര്ശനത്തിലൂടെ സാധിക്കുമെന്ന് ഞങ്ങള്ക്കുറപ്പുണ്ട്

ന്യൂഡല്ഹി
മെയ് 12, 2016